നം.1148/5എൽ എൽ.ബി/2013/റ്റി.എ.2/സി.ഇ.ഇ

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## വിജ്ഞാപനം

## 2013–14 ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ – അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2013 ജൂലായ് 14, ഞായറാഴ്ച** നടത്തുന്ന 2013–14 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **08.07.2013** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **ആപ്ലിക്കേഷൻ നമ്പറും, ജനന തീയതിയും** കൃത്യമായി നൽകിയതിനുശേഷം **'Get Admit Card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ പരീക്ഷാഫലം തടഞ്ഞു വയ്ക്കുന്നതാണ്. അവർ അഡ്മിറ്റ് കാർഡിനായുള്ള ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ഫോർമാറ്റുകളും വെബ്സൈറ്റിൽ ലഭ്യമാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ ഈ ഓഫീസിൽ **16.07.2013 വൈകുന്നേരം 5 മണിക്കു മുൻപ്** നേരിട്ടോ, സ്പീഡ് പോസ്റ്റ് / രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ സമർപ്പിച്ച് അവരുടെ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ആപ്ലിക്കേഷൻ നമ്പറിനുവേണ്ടി, പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ സെന്റർ തിരിച്ചുള്ള ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് പരിശോധി ക്കാവുന്നതാണ്.

തിരുവനന്തപുരം
08.07.2013

പ്രവേശന പരീക്ഷാ കമ്മീഷണർ